# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.768 13.6.2012-ൽ മറുപടിയ്ക്ക്

### പമ്പിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. പി.ജെ ജോസഫ്<br>ജലവിഭവ വകുപ്പുമന്ത്രി |
| എ) കൊല്ലം പി.എച്ച് ഡിവിഷൻ പരിധിയിൽ വരുന്ന പമ്പ്, മോട്ടോർ അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ മെയിന്റനൻസ് ജോലികൾ ചെയ്യുന്ന കോൺട്രാക്ടർമാർ പ്രസ്തുത ജോലി നിർത്തി വച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്.<br>മെയിന്റനൻസ് ജോലി ചെയ്ത ബില്ലുകളുടെ പേയ് മെന്റുകൾക്ക് കാലതാമസം വരുന്നതുമൂലമാണ് പണികൾ നിർത്തി വച്ചത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് 2011 മാർച്ച് മാസം വരെയുള്ള ജോലികൾക്ക് പേയ് മെന്റ് നടത്തുകയും ജോലികൾ പുനനാരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) രൂക്ഷമായ വരൾച്ച ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ പമ്പിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കുടിവെള്ളക്ഷാമം ഒഴിവാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | പമ്പിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കേടായ പമ്പുകളും മോട്ടോറുകളും സമയബന്ധിതമായി അറ്റകുറ്റപണികൾ ചെയ്തും കൂടുതൽ സമയം പമ്പിംഗ് നടത്തിയും പൈപ്പ് ലൈനുകളിൽ ഉണ്ടാകുന്ന ചോർച്ചകൾ യഥാസമയം പരിഹരിച്ചും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ ഇടാത്ത സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിച്ചും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ